Non-assignment of Puduval lands to Pulayas of Valiavattam and Chullikad.

503. മിസ്റ്റർ കെ. പി. വള്ളോൻ—പാലിയത്തെ സ്ഥലത്തു താമസിയ്ക്കുന്ന പുലയർക്കു പുതുവൽ സ്ഥലങ്ങൾ പതിച്ചു കൊടുത്തുകൂടെന്നു വല്ല നിയമവുമുണ്ടോ;

ഇല്ലെങ്കിൽ വലിയവട്ടം, ചുള്ളിക്കാടു് എന്നീ ദേശക്കാരായ അധഃകൃതർക്കു പുതുവൽ പതിച്ചുകൊടുക്കാതിരിക്കുവാനുള്ള കാരണമെന്തു്?

മിസ്റ്റർ യു. കണ്ടർമേനോൻ.—ഇല്ല.

പാലിയത്തെ വകസ്ഥലത്തു താമസിക്കുന്ന പുലയർക്കു അവർ താമസിയ്ക്കുന്ന സ്ഥലത്തിനടുത്തുള്ള പുറമ്പോക്കു സ്ഥലങ്ങൾ കൊടുക്കുവാൻ ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ചുള്ളിക്കാടു്, വലിയവട്ടം മുതലായ സ്ഥലങ്ങളിൽ പുരവയ്ക്കുന്നതിനു സ്ഥലങ്ങളുള്ളതായി ഗവർമ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പരിശോധിക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പാലിയത്തു പുലയർ ഉണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പാലിയത്തെ സ്ഥലത്തു താമസിക്കുന്നു എന്നർത്ഥത്തിലാണു് അങ്ങിനെ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—പാലിയത്തെ പുലയർ എന്നു പറഞ്ഞാൽ പാലിയത്തെ slaves ആണെന്നുവരാൻ ഇടയുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—അങ്ങിനെ ഒരർത്ഥവും വച്ചു പറഞ്ഞിട്ടുള്ളതല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—അതു തിരുത്തുവാൻ വിരോധമുണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—വിരോധമില്ല.

മിസ്റ്റർ കെ എം. ഇബ്രാഹിം.—ഈ ആലോചന എപ്പോൾ ഫലപ്രദമാകും?

മിസ്റ്റർ യു. കണ്ടർമേനോൻ.—കഴിയുന്നതും വേഗത്തിൽ.

Refusal to assign lands to Pulayan Kunjan.

504. മിസ്റ്റർ കെ. പി. വള്ളോൻ.—കാച്ചുന്തിരുത്തു നിവാസികളായ പുലയർക്കു സ്ഥലം കൊടുത്ത അവസരത്തിൽ പാലത്തു കുഞ്ഞൻ എന്നൊരു പുലയനുമാത്രം മനഃപൂർവ്വം കൊടുക്കാതിരിയ്ക്കുവാൻള്ള കാരണമെന്തു്?

മിസ്റ്റർ യു. കണ്ടർമേനോൻ.—പാലത്തു കുഞ്ഞന്റെ അപേക്ഷ കിട്ടിയിട്ടില്ല. ടിയാനും ശേഷമുള്ളവരെപ്പോലെ സ്ഥലം തിരിച്ചു കൊടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly